**Rs. 25/-**

**Keraleeyam**

2015 November/December Vol. 16 Issue 11/12

**കണ്ടത് പറഞ്ഞാൽ...**

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# ബോൺ നത്താലെ: പള്ളിയും പരിസ്ഥിതിയും

കഴിഞ്ഞവർഷം തൃശൂരിൽ ഒരുലക്ഷം പേരെ പങ്കെടുപ്പിച്ച് ഗിന്നസ്സ് റെക്കോഡിലേക്കു കയറാൻ നടത്തിയ പരിപാടിയാണ് 'ബോൺ നത്താലെ'. മലയാളികൾക്ക് മനസ്സിലാകരുതെന്ന് തീരുമാനിച്ച് ഇടുന്ന പേരുകൾ ഇങ്ങനെയാണ്. കഴിഞ്ഞ ഡിസംബർ മാസത്തിൽ തൃശൂർ ശക്തൻ സ്റ്റാന്റ് കേന്ദ്രീകരിച്ച് നടന്ന ക്രിസ്മസ് പാപ്പമാരുടെ മഹാസംഗമമാണ് ഈ 'ബോൺ നത്താലെ'. സാന്താക്ലോസിന്റെ വേഷമണിഞ്ഞ യുവജനസംഗമം. ഗിന്നസുകാർ നിബന്ധനവെച്ചത് പാപ്പമാർക്ക് കറുത്ത ബൂട്ട്സ് വേണമെന്നതാണ്. പാന്റും ഷർട്ടും നമ്മുടെ കല്യാണ സിൽക്കുകാര് പരസ്യം ഡ്രസ്സിൽ പ്രിന്റ് ചെയ്തുകൊടുത്തു. ഇത്രയധികം പേർക്ക് ബൂട്ട് തരപ്പെടുത്താനായില്ല. ശാന്തിയില്ലെങ്കിൽ മുട്ടുശാന്തിയെന്ന് തൃശൂരിലെ പ്രാഞ്ചിയേട്ടന്മാരെ പഠിപ്പിക്കേണ്ടതില്ലല്ലോ. ഒന്നര അടി നീളത്തിൽ കാലുകടക്കാൻ പാകത്തിലുള്ള കറുത്ത പ്ലാസ്റ്റിക് കവറുകൾ എല്ലാവരേയും അണിയിച്ചു. എല്ലാവരും നിശ്ചിതസമയത്ത് എഴുന്നേറ്റു നിൽക്കലാണ് പ്രധാന ചടങ്ങ്. അപ്പോൾ എണ്ണമെടുക്കും. ഈ കവറിന്റെ ബൂട്ടുമണിഞ്ഞ് ഗിന്നസ്സുകാരുടെ കണ്ണിൽ പൊടിയിട്ടു. പിന്നെ റെക്കോഡിന്റെ കാര്യം എന്തായാവോ?

അടുത്ത ഇനം പ്രകടനമായിരുന്നു. ശക്തൻ സ്റ്റാന്റിൽ നിന്ന് കോർപ്പറേഷൻ വഴി സ്വരാജ് റൗണ്ടിൽ കയറി നഗരം വലംവെച്ച് ശക്തൻ സ്റ്റാന്റിൽത്തന്നെ തിരിച്ചെത്തി ഈ ആൾക്കൂട്ടം. പോയ വഴിയിൽ ഈ ഒരു ലക്ഷം പേരുടെ കാലിൽ കിടന്നിരുന്ന പ്ലാസ്റ്റിക് കവറുകൾ യാത്ര ചെയ്ത നാലു കിലോമീറ്റർ ദൂരം വഴിയിൽ കിടന്നു. ഒരാൾക്ക് രണ്ടെണ്ണം വീതം രണ്ടുലക്ഷം കവറുകൾ. റീസൈക്കിളിങ്ങിന് സാദ്ധ്യമല്ലാത്തവിധം നിലവാരം കുറഞ്ഞ പ്ലാസ്റ്റിക് കവറുകളാണ് ഈ നഗരവീഥിയിൽ വിതറപ്പെട്ടത്. അന്ന് രാത്രി നഗരം കണ്ടാൽ നാം അന്തംവിട്ടുപോകും. സ്റ്റേജിന്റെ മുന്നിൽ നിന്നവരുടെ കവറുകൾ അവിടെത്തന്നെ കൂടിക്കിടന്നു. രാത്രിയിലാണ് അത് കൂനകളായി കൂട്ടിയിട്ടത്. നഗരവീഥിയിൽ വീണ കവറുകൾ അവിടെത്തന്നെ കിടന്നു. പുലർച്ചെയെത്തിയ നഗരസഭയുടെ ശുചീകരണവിഭാഗമാണ് ഇതെല്ലാം അടിച്ചുകൂട്ടിയത്. അവരത് പാടിപ്പഠിച്ചപോലെ കൂട്ടിയിട്ട് തീകൊളുത്തി. മാരകവിഷങ്ങൾ പുറന്തള്ളുന്ന പുക അന്തരീക്ഷവായുവിൽ നിറഞ്ഞു. കത്തിക്കുന്നതിലൂടെ മാലിന്യപ്രശ്നം പരിഹരിക്കാമെന്ന പാഠം പഠിച്ച കുടുംബശ്രീകാർ ഇതിനുമപ്പുറം എന്തു ചെയ്യാനാ? കളക്ടറായിരുന്ന ജയച്ചേച്ചിയും മേയറായിരുന്ന രാജേട്ടനും എം.എൽ.എ ആയ സർവ്വവ്യാപിയും പങ്കെടുത്ത പരിപാടിയല്ലേ. പത്രക്കാർ കാര്യമായൊന്നും പറഞ്ഞില്ല. ചുമ്മാ ഒരു പടമിട്ട് ചെറിയൊരു വാർത്തമാത്രം. കോർപ്പറേഷൻ പരിധിയിൽ 40 മൈക്രോണിൽ കുറഞ്ഞ കവറുകൾ ഉപയോഗം നിരോധിച്ചതാണ്. മേയർ അത് തെറ്റിക്കുന്ന പരിപാടിയിലും. സ്കൂളുകളിൽ ചെന്ന് പ്ലാസ്റ്റിക് വിപത്തും ശുചിത്വവും വേസ്റ്റ് മാനേജ്മെന്റും പ്രസംഗിക്കുന്ന കളക്ടറമ്മ ഉദ്യോഗത്തിലിരിക്കുമ്പോഴാണ് ഈ 'നത്താലെ സർക്കസ്സ്' നടന്നത്. ഇവരിപ്പോഴും ബോധവത്കരണം നടത്തുന്നുണ്ട്. ഇപ്പോ പിന്നെ വിദ്യാഭ്യാസ രംഗത്താണല്ലോ. അവിടേയും ഇവിടത്തെപ്പോലെ സ്തുതിയായിരിക്കട്ടെ! മേയറിപ്പോ ഗൗൺ ഊരിക്കൊടുത്ത് തേരാപാരാ നടക്കുന്നുണ്ട്. പാവം! ഈ വർഷം എന്കായിരിക്കുമോ ആവോ? ഭാവനാശൂന്യരായ മതനേതൃത്വം പ്രൗഡി കാട്ടാൻവേണ്ടി നടത്തുന്ന വിദേശ അനുകരണങ്ങൾ ഇനിയും ഉപേക്ഷിച്ചുകൂടേ? സൽബുദ്ധി ഉദിക്കാൻ പ്രാർത്ഥിക്കാം. അല്ലെങ്കിൽ സഭാനേതൃത്വം തിരുത്താൻ ഇടപെടണം. ക്രിസ്മസ്സിൽനിന്ന് ക്രിസ്തു പുറത്തും പാപ്പ അകത്തുമാകുന്നത് തിരിച്ചറിയാനാകാത്തവിധം ആന്ധ്യം ബാധിച്ച സഭാമക്കൾ കഥയെന്തുകണ്ടു? ഈ പ്ലാസ്റ്റിക് വഴിയിൽ ഉപേക്ഷിക്കരുതെന്നും കൊണ്ടുപോയി വീടുകളിൽ ചെടി നടണമെന്നും പറഞ്ഞ് ഓരോ വിത്ത്/ഒരു തൈ ഈ ഒരു ലക്ഷം മനുഷ്യരുടെ കയ്യിൽ കൊടുത്തിരുന്നെങ്കിൽ എത്ര ഉന്നതമായ പരിസമാപ്തിയായേനെ! പ്രകൃതിയോടും ക്രിസ്തുവിനോടും അസ്സീസ്സി പുണ്യവാളനോടും ഫ്രാൻസിസ് പാപ്പയോടും അത് ചേർന്നുനിന്നേനെ.... ഈ ലേഖകൻ കുറച്ച് കവറുകൾ പെറുക്കി ഗ്രോബാഗായി ഉപയോഗിച്ചതിന്റെ അനുഭവത്തിലാണിത് കുറിച്ചത്. പാരിസ്ഥിതിക വിവേകം പള്ളിയുടെ പരിസരത്ത് എന്നാണെത്തുക. വിദ്യാഭ്യാസരംഗത്തെ മിഷനറിമാരുടെ സംഭാവനയാണ് കേരളത്തിന്റെ ഉയർന്ന സാക്ഷരതയെന്ന് പറയുന്നവരേ നിങ്ങളാരെയാണ് ഇനിയും പറഞ്ഞുപറ്റിക്കാൻ ശ്രമിക്കുന്നത്?



ബോൺ നത്താലെ കഴിഞ്ഞ് റോഡിൽ ഉപേക്ഷിച്ച പ്ലാസ്റ്റിക് കവറുകൾ. *ഫോട്ടോ: ജി.ഡി. മാർട്ടിൻ*

**വാൽക്കഷ്ണം:**

"ഈ പ്രശ്നങ്ങൾ വലിച്ചെറിയൽ സംസ്കാരവുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. വസ്തുക്കളെ വളരെ വേഗത്തിൽ മാലിന്യങ്ങളാക്കി തരംതാഴ്ത്തുന്ന ഈ മനോഭാവം മാറേണ്ടതാണ്... പുന:ചംക്രമണ ക്ഷമമല്ലാത്ത വിഭവങ്ങളുടെ ഉപയോഗം നിയന്ത്രിക്കുക, ഉപയോഗിക്കുന്നവ തന്നെയും പുനരുപയോഗിക്കുക തുടങ്ങിയ കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടതുണ്ട്. ഈ രീതിയിലുള്ള ഒരു നീക്കം മാത്രമാണ് ഇന്ന് ലോകത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന വലിച്ചെറിയൽ സംസ്കാരത്തിന് ഒരു മറുമരുന്ന്." – ഫ്രാൻസിസ് പാപ്പ ■

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com